# ST. ALOYSIUS HSS EDATHUA

## 46062

# നിധി



# ഉള്ളടക്കപ്പട്ടിക


- സ്വപ്നം
- രഹസ്യ സഞ്ചി
- ആമച്ചാരുടെ വീട്
- കുട്ടിയുടെ ബുദ്ധി
- ജീവിതം
- പുള്ളിക്കുപ്പായക്കാരി
- പുള്ളികുട
- ആനക്കുട്ടനും കൂട്ടുകാരും
- സ്നേഹം
- അമ്മ
- ആർക്കിമിഡിസ്
- പ്രകൃതി
- കർമ്മഫലം
- ക്ലോറിനേഷൻ
- തുടിതാളം തേടി
- ചികിത്സയുടെ പ്രതിഫലം

# സ്വപ്നം

ഞാനമായ്      എന്നും മധുരം പങ്കിടും
എന്നെ തഴുകി ഉണർത്തും
എന്റെ ഭാവിയും ആശങ്കയും
നീയാണ് നീ തന്നെയാണ്
എന്റെ ദുഃഖവും സന്തോഷവും
മധുരവും കൈയ്പ്പുമായി
എന്നോടു മൊഴിയും നീയാണ്
സ്വപ്നമേ നീ സത്യമാണ്
എന്റെ നല്ലതും ചീത്തതുമായ
ഭാവി പറയും നീ
ഉറക്കത്തിൽ വരും മാലാഖയാണ്
സ്വപ്നമായ നീ
ഒരിക്കലും ചവുട്ടി കേറാനാവാത്ത
പടവുകൾനൽകുന്ന സൃഷ്ടാവാണ്
നീ സ്വപ്നമേ നീ തന്നെയാണ്

ആദർശ് എസ്  (8 എ )

# രഹസ്യ സഞ്ചി

ഒരിടത്തൊരിടത്ത് വീരസേനൻ എന്ന ഒരു രാജാവുണ്ടായിരുന്നു. ഒരു ദിവസം വീരസേനൻ രാജാവിന്റെ പടയാളികൾ നടത്തിയ ഒരുക്കങ്ങൾ കാണാനായി രാജാവ് എത്തി. പടത്തലവനായ വിക്രമൻ പറഞ്ഞു പ്രഭോ, വേണ്ടതിലധികം ആയുധങ്ങളും ഒരുക്കങ്ങളും നമ്മൾ കരുതിയിട്ടുണ്ട് . രാജാവ് നോക്കി. മൂന്നു തേരുകളിലുമായി പലതരം ആയുധങ്ങൾ ഉണ്ട് . കൊള്ളമുതൽ പിടിച്ചെടുത്താൽ കൊണ്ടുവരാനുള്ള ചാക്കുകൾ,ഭക്ഷണം,കൊള്ളക്കാരെ പിടിച്ചു കെട്ടാൻ കയറുകൾ അങ്ങനെ എല്ലാമുണ്ട് . അപ്പോഴാണ് ഏറ്റവും പിന്നിലത്തെ തേരിൽ ഒരു സഞ്ചി രാജാവ് കണ്ടത്. എന്താണ് അതെന്ന് രാജാവ് ചോദിച്ചു. വിക്രമൻ മറുപടി പറഞ്ഞു. ആക്രമണത്തിൽ പടയാളികൾക്ക് പരുക്കു പറ്റിയാൽ പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്നുകളാണ്. രാജാവ് ചോദിച്ചു , സഞ്ചി എന്താണ് ഏറ്റവും പിന്നിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത് ? വിക്രമൻ പറഞ്ഞു. ആയുധങ്ങളും കൊള്ളമുതൽ നിറയ്ക്കാനുള്ള സഞ്ചിയും മറ്റും

പടയാളികൾക്ക് ആവേശം കൂട്ടും. എന്നാൽ മുറിവിനുള്ള മരുന്ന് കാണുമ്പോൾ പരുക്ക് പറ്റാൻ ഇടയുണ്ട് എന്ന തോന്നൽ ആണ് ഉണ്ടാവുക. അത് പടയാളികളുടെ ആത്മവിശ്വാസം കെടുത്തും . ഇതുകേട്ട വീരസേനൻ വിക്രമനെ അഭിനന്ദിച്ചു.

അക്ഷയ് സുരേഷ് (8 എ)

# ആമച്ചാരുടെ വീട്

വഴിയെ പമ്മി നടന്നുവരുന്ന
വീടുംകൊണ്ടൊരു പാവത്താൻ
ചെറിയൊരു വീടും പുറത്തുവച്ചി-
ട്ടിഴഞ്ഞുവരുന്ന പാവത്താൻ
ജനലുകളില്ല വാതിലുമില്ല
മുറികളുമില്ല തറയില്ല
കട്ടിലുമില്ല  മെത്തയുമില്ല
കിടന്നുറങ്ങാൻ  വിരിയില്ല
വെറുതെ കുശലം പറയാൻചെന്നാൽ
വീട്ടിലൊളിക്കും വിരുതനിവിടെ
പമ്മിപമ്മി നടക്കുന്ന
കുറച്ചുനേരം കഴിഞ്ഞുചെന്നാൽ
കുളത്തിലെത്തും വീരനിവൻ



അസിൻജോമോൻ ( ഒമ്പതു എ)

# കുട്ടിയുടെ ബുദ്ധി

ഒരാൾ കാറോടിച്ചു കൊണ്ടിരിക്കുമ്പോൾ ടയർ പഞ്ചറായി. കാർ സൈഡിൽ ഒതുക്കിയ ശേഷം അയാൾ പുറത്തിറങ്ങി നോക്കി. ഇടതുവശത്തെ ടയറാണ് പഞ്ചറായത് . പഞ്ചറായ ടയറിന്റെ നാലു നട്ടുകളും അഴിച്ച് ഓടയുടെ സ്ലാബിൽ വച്ചു. ജാക്കിവെച്ച് കാർ പൊക്കിയശേഷം പഞ്ചറായ ടയർ മാറ്റി സ്പെയർ ടയർ ഇട്ടു. നട്ടുകൾ എടുക്കാൻ കൈനീട്ടിയപ്പോൾ കൈതട്ടി നാലു നട്ടുകളും താഴെയുള്ള ഓടയിലേക്കു വീണു. ഓട താഴ്ച്ചയുള്ളതും അഴുക്കുനിറഞ്ഞതുമായിരുന്നു. അതുകൊണ്ട് നട്ടുകൾ എടുക്കാൻ പറ്റിയില്ല. വിഷമിച്ചിരിക്കുന്ന അയാളുടെ അടുത്ത് ഒരു കുട്ടി എത്തി കാര്യം തിരക്കി. കുട്ടി പറഞ്ഞു ചേട്ടൻ ഒരു കാര്യം ചെയ്യ്. മറ്റു മൂന്ന് ടയറുകളിൽ നിന്ന് ഓരോ നട്ട് ഊരിയെടുത്ത് ഈ ടയറിൽ ഇടുക. എന്നിട്ട് വണ്ടിയോടിച്ച് പോയി ആദ്യം കാണുന്ന കടയിൽ നിന്ന് നാലു നട്ടുകൾ വാങ്ങി ടയറുകളിൽ ഇടൂ. അയാൾ കുട്ടി പറഞ്ഞതുപോലെ ചെയ്തു. കുട്ടിയുടെ ബുദ്ധി അയാളെ രക്ഷിച്ചു .

ദേവദത്തൻ കെ എസ് (എട്ട് എ )

# ജീവിതം

ജീവിതം , ഒരു മഹാപുണ്യം
ജീവിതം എന്ന വാക്കിന്
തുടക്കം ജനനം എന്ന വാക്ക്.

ജീവിതം ,ഒരു നരക സ്വത്ത്
ജീവിതം എന്ന വാക്കിന്
അടക്കം മരണം എന്ന വാക്ക്

ജീവിതം ഒരു മിശ്രിതപുണ്യം
ജീവിതം എന്ന വാക്കിന്റെ
മിശ്രിതം സന്തോഷവും ദുഃഖവും

ബെൻ ആന്റെണി (8 എ)

# പുള്ളികുപ്പായക്കാരി



പുള്ളിപ്പുള്ളി കുപ്പായം
തുന്നിയതാം പൂമ്പാറ്റെ
നിന്നുടെ കൂടെ പോന്നോട്ടേ?
പാറും വഴികൾ കണ്ടോട്ടേ?
എത്ര പൂവിന്റെ തേനുണ്ടു  നീ
എത്ര നാടിന്റെ കഥയറിയാം
നൃത്തംവെച്ച് പറക്കും നിന്നുടെ
ക്ഞ്ഞിച്ചിറകുകൾ ഏകിയാലും
കൂടെവരാമോ പൂമ്പാറ്റേ നീ
എന്നുടെ കൂടെ ചേരില്ലേ?

ഗോഡ് വിൻ ജോസ് ജോബി (8 എ)

# പുള്ളികുട

കുടകൾ പലതരമുണ്ടല്ലോ,
പുള്ളിക്കുടയിൽ കുത്താണേ
ഒത്തിരിയൊത്തിരി കുത്താണേ
പല പല വർണം കാണാമേ



ചെവിയൻ കുടയിൽ മൃഗമുണ്ട്
മുത്തുകൾ നിറയും കുടയുണ്ടേ
പൂരപ്പറമ്പിൽ കാണാല്ലോ
നീളൻ നീളൻ കുടയുണ്ടേ

ജയ്സൽ സക്കറിയ(ഒമ്പത് എ)

# ആനക്കുട്ടനും കൂട്ടുകാരും

ഒരു ദിവസം ആനക്കുട്ടൻ വീട്ടിൽ നിന്ന് ഇറങ്ങി തന്റെ കൂട്ടുകാരുമൊപ്പം കളിക്കാൻ പോകാൻ ഇറങ്ങുകയായിരുന്നു. അപ്പോൾ അവന്റെ അമ്മ ആനക്കുട്ടനോട് പറഞ്ഞു ,നീ കാട്ടിൽ നിന്ന് ഒത്തിരി ദൂരത്തേക്ക് പോകരുത്. അവൻ തന്റെ കൂട്ടുകാരുമൊത്ത് കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടുകാരൻ പറഞ്ഞു ,നമുക്ക് ഒത്തിരി ദൂരത്തേക്ക് പോകാം . അവിടെ കുറെ മാമ്പഴം ഉണ്ട് . അവർ അവിടേക്കു പോയികൊണ്ടിരിക്കുമ്പോൾ ആനക്കുട്ടൻ കുഴിയിൽ വീണു. കൂട്ടുകാരൊക്കെ അവിടെ നിന്നും ഓടിപോയി . ആനക്കുട്ടൻ കുറെ കരഞ്ഞു. അവസാനം മരത്തിൽ നിന്നൊരു മഞ്ഞക്കിളി ആനക്കുട്ടൻ കുഴിയിൽ വീണതു കണ്ടു. ഉടനെ തന്നെ മഞ്ഞക്കിളി ആനക്കുട്ടന്റെ അമ്മയോടു ചെന്നു വിവരം പറഞ്ഞു.പെട്ടെന്നു തന്നെ അവന്റെ അമ്മ അവനെ രക്ഷിച്ചു. എന്നിട്ട് അവന്റെ അമ്മ അവനോടു പറഞ്ഞു , കൂട്ടുകാർ നന്മയുള്ളവരാണോ ചീത്തവരാണോ എന്നു അറിഞ്ഞിട്ടേ അവരോടൊത്തു കളിക്കാനും മറ്റും പോകാവൂ.

ജിൻസ് ഷിജു (എട്ട് എ)

# സ്നേഹം

ജനനം മുതൽ മരണം വരെയും
മനുജനിലുള്ളൊരു സ്നേഹം
ഭൂമിയാം സര തോണിയിലെ
മനുജനിൽ നിറയും സ്നേഹം
രാവിന്റെ അന്ധകാരത്തിൽ നിന്നും
മറ നീക്കിയെത്തുന്ന സ്നേഹം
സ്നേഹമില്ലെങ്കിൽ ശൂന്യമെൻ ജീവിതം
നിന്നെ ഞാൻ ആരാധിക്കുന്നു.

ജെലിൻ ജയൻ(എട്ട് എ)

# അമ്മ

അമ്മ എന്ന മഹാഭാഗ്യം എല്ലാവർക്കും
അനുഭവിക്കാൻ കഴിയുകയില്ല
അമ്മയെന്നത് സ്നേഹത്തിന്റെ
മഹാകവാടമാണെന്ന് ഓർക്കു

ഈ ലോകത്തിൽ അമ്മയെക്കാൾ
വലിയ ഒരു പോരാളി മറ്റാരുമില്ല.
അമ്മതൻ മഹാകാരുണ്യമാണ്
സ്നേഹത്തിൻ ഉറവിടമാണ്
അമ്മയെപോലെ മറ്റൊരാൾ
ഉണ്ടാവുകില്ല ജീവിതത്തിൽ
ലോകദാനം  അമ്മതൻ മഹാദാനം
അമ്മതൻ സ്നേഹത്തിൻ ഉറവിടം

ജെറോം കെ ജോസഫ് (9 എ)

# ആർക്കിമിഡിസ്

ഒരിടത്ത് ഒരിടത്ത് കിരൺ എന്ന ഒരാൾ ഉണ്ടായിരുന്നു. അവന്റെ നാട്ടിൽ ഭരണമൊന്നുമില്ലായിരുന്നു. അവൻ ഒരുപാട് ശാസ്ത്രം പഠിച്ചിരുന്നു. എന്നാൽ ആർക്കും അവനെ ഒരു വിലയും ഇല്ലായിരുന്നു. ഒരിക്കൽ ഒരു കൊള്ളക്കാരുടെ കപ്പൽ അവരുടെ കടൽ തീരത്തോട്ട് വരുന്നത് അവർ കണ്ടു. എന്നാൽ ആർക്കും രക്ഷപെടാൻ ഒരു മാർഗ്ഗവുമില്ലായിരുന്നു. അവർ മറ്റു നാടുകളിലേക്ക് രക്ഷപെടാൻ ശ്രമിച്ചുകൊണ്ടിരുന്നു. അപ്പോൾ അവന് ഒരു ആശയമുദിച്ചു. അവൻ അവന്റെ സുഹൃത്തിനോട് പറഞ്ഞു, പണ്ടു പണ്ടു ഗണിതശാസ്ത്രജ്ഞനായ ആർക്കിമിഡിസ് കണ്ണാടി വച്ച് റോമാക്കാരുടെ കപ്പൽ നശിപ്പിച്ചതായി കേട്ടിട്ടുണ്ട് .നമുക്ക് അത് ചെയ്താലോ ? ആദ്യം എതിർത്തെങ്കിലും പിന്നിട് സമ്മതിച്ചു. അവർ വലിയ വലിയ കണ്ണാടികൾ എടുത്ത് കടൽ തീരത്ത് വച്ചു. ആളുകൾ ഇതുകണ്ട് ഇവന് ഭ്രാന്താണ് ജീവൻ വേണമെങ്കിൽ ഓടിക്കോയെന്നവർ പറഞ്ഞു. ഒടുവിൽ കപ്പൽ

തീരത്തോട് അടുത്തപ്പോൾ സൂര്യരശ്മികൾ കണ്ണാടിയിൽ തട്ടി കപ്പലിലടിച്ചു. കുറച്ചു നേരങ്ങൾക്ക ശേഷം കപ്പൽ കത്തി നശിച്ചു. അങ്ങനെ അവൻ ആ നാടിന്റെ രക്ഷകനായി മാറി.

ജൂഫിൻ ജിമ്മിച്ചൻ (8 എ)

# പ്രകൃതി

എന്നെ പോറ്റി വളർത്തും
അമ്മയാണ് പ്രകൃതി
എന്നെ നോക്കി വളർത്തും
ജനനിയാണ് നീ.
കാറ്റായി, മഴയായി, വെയിലായി
എന്നിലേക്കെത്തും പ്രകൃതി
നിഴലായി നിരയായി നിറവായി
എന്നെ പിന്തുടരും നീ.
കാറ്റായി വീശി, മഴയായി പെയ്തു ,
വെയിലായി കൊണ്ട പ്രകൃതി
വൃക്ഷങ്ങളിലൂടെയും ചെടികളിലൂടെയും
എന്നെ അനുഗ്രഹിച്ച നീ.
കൈയില്ല കാലില്ലാകണ്ണുമില്ലെങ്കിലും
സ്നേഹമായ് എന്നും പ്രകൃതി
എൻ മനസിലാണ് നീ
നീയാണ് നീ മാത്രമാണെന്നമ്മ.

ലിബിൻ ദേവസ്യ
8 എ

# കർമ്മഫലം

സ്വന്തം ജീവിതം എങ്ങനെ ജീവിക്കണം
എന്ന് ചിന്തിച്ച് ജീവിക്കുവാൻ
എല്ലാവർക്കും അവകാശമുണ്ട്
അതിനാൽ അതിലെ നല്ലതും
ചീത്തയുമായ അനുഭവങ്ങൾ
സ്വീകരിക്കുവാൻ ഉൾക്കൊള്ളുവാൻ
ബാധ്യസ്ഥനമാണ് നാം എന്നും
കർമ്മം ചെയ്യുവാനും ചെയ്യിക്കുവാനും
ഇതു അധികാരി താൻ ആണെങ്കിൽ
താൻ തന്നെ അധികാരിയാകും തോറും
ധിക്കാരിയായി മാറും നാം
അതാണ് ജീവിതപാഠം

ലിച്ചു വർഗ്ഗീസ്സ് (എട്ട് ബി)

# ക്ലോറിനേഷൻ

അണുനശീകരണം നടത്തിയപ്പോൾ എനിക്കാശ്വാസമായി. അപ്പോൾ ഊർജ്ജത്തെ സൃഷ്ടിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല എന്ന ശാസ്ത്ര സത്യം സയൻസ് ടീച്ചർ പഠിപ്പിച്ചത് ഓർമ്മ വന്നു. ഹോ! ഉള്ള സന്തോഷം പോയി. അപ്പോൾ ആശ്വാസം കിട്ടുവാനായി ഞാൻ അണുവിനുള്ളിൽ ഉള്ളൊരു ഉടയോനെ വിശ്വസിച്ചു. അപ്പോൾ എനിക്ക് ഒരാശ്വാസം തോന്നിത്തുടങ്ങി . അതേ....... നാശമില്ലാത്തവൻ ഈശ്വരൻ മാത്രം.........!

മിലൻ ജോജി(എട്ട് എ)

# തുടിതാളം തേടി

നമ്മുടെ മാതാവ് – കൈരളി – പണ്ടൊരു
പൊന്മണിപ്പൈതലായ് വന്ന കാലം-
 യാതൊരു ചിന്തയുമില്ലാതെ കേവലം
 ചേതസി തോന്നിയ മാതിരിയിൽ
ഏടലർ ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം
 പെറ്റമ്മ തന്നുടെ വെൺമുലപ്പാൽ തീരേ
 വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം
പണ്ടത്തെപ്പാട്ടുകൾ.

ഷാരോൺ കുഞ്ഞുമോൻ (9 എ)

# ചികിത്സയുടെ പ്രതിഫലം

ഒരിടത്തൊരിടത്ത് സൂര്യസിംഹൻ എന്ന രാജാവ് ഉണ്ടായിരുന്നു. ഒരിക്കൽ കൊട്ടാരത്തിലുണ്ടായ തീപിടിത്തത്തിൽ രാജകുമാരി സീതയ്ക്ക് പൊള്ളലേറ്റു . കൊട്ടാരം വൈദ്യന്മാരുടെ ചികിത്സകളൊന്നും ഫലിച്ചില്ല. സീതയുടെ പരുക്ക് ഗുരുതരമായിരുന്നു. സീതയെ രക്ഷിക്കാൻ ഒരു വഴിയും ലഭിക്കാതെ എല്ലാവരും ദുഃഖിച്ചു. അപ്പോഴാണ് മന്ത്രിമാരിൽ ഒരാൾ ചന്ദ്രമുഖിയിലെ സമർത്ഥനായ വൈദ്യനെക്കുറിച്ച് രാജാവിനെ അറിയിച്ചത്. ഒട്ടും വൈകാതെ അവർ ആ വൈദ്യനെ കൊട്ടാരത്തിൽ എത്തിക്കാൻ തീരുമാനിച്ചു. ആ വൈദ്യന്റെ പേര് രാമൻ എന്നായിരുന്നു. ചികിത്സവേളയിൽ അവർ തമ്മിൽ ഇഷ്ടത്തിലായി. കുറച്ചു ദിവസങ്ങൾക്കു ശേഷം ചികിത്സ പൂർണ്ണമായി. രാജകുമാരി പൂർണ്ണ ആരോഗ്യവതിയായി. ഇതിനു പ്രതിഫലമായി എന്താണ് വേണ്ടതെന്ന് രാജാവ് ചോദിച്ചു . രാജാകുമാരിയോട് തനിക്കുള്ള ഇഷ്ടം രാജ്യസദസ്സിൽ അവൻ തുറന്നു പറഞ്ഞു. ഇതുകേട്ട

രാജ്യസദസ്സ് മുഴുവൻ നിശബ്ദമായി. എല്ലാവരും മനസ്സിൽ ഒരു വൈദ്യൻ എങ്ങനെ രാജകുമാരിയെ കല്ല്യാണം കഴിക്കുമെന്ന് ചിന്തിച്ചു കൊണ്ടിരുന്നു. എന്നാൽ രാജാവ് ചിരിച്ചുകൊണ്ട് അതിനു സമ്മതിച്ചു. രാജ്യസദസ്സ് മുഴുവൻ സന്തോഷത്താൽ നിറഞ്ഞു. അതോടോപ്പം രാമനെ കൊട്ടാര വൈദ്യനായി നിയമിച്ചു. രാമനും സീതയും സന്തോഷത്തോടെ ബാക്കിയുള്ള കാലം ജീവിച്ചു.

ഷിനോ സെബാസ്റ്റ്യൻ വർഗ്ഗീസ്സ് (8 എ)